**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 221** **02-08-2021 - ൽ മറുപടിയ്ക്ക്**

**നദികളിലെ മണൽ നീക്കംചെയ്യൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി ദെലീമ** | | **Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നദികളിൽ നിന്നുള്ള മണൽ വാരൽ നിരോധിച്ചിട്ടുണ്ടോ; | (എ) | പാരിസ്ഥിതിക അനുമതി ലഭ്യമാകാത്തതിനാൽ മണൽ വാരൽ നിറുത്തി വച്ചിരിക്കുകയാണ്. നിയമാനുസൃതം ഖനനം ചെയ്യേണ്ട മണൽ ലഭ്യതയില്ലായെന്ന് സാന്റ് ആഡിറ്റ് മുഖേന 2015-2016 കാലയളവിൽ കണ്ടെത്തിയ കുറ്റ്യാടി, ചന്ദ്രഗിരി, കല്ലട, നെയ്യാർ, കബനി, വാമനപുരം, കരുവന്നൂർ, അഞ്ചരക്കണ്ടി, മീനച്ചിൽ, കരമന, ഗായത്രിപ്പുഴ, ചാലക്കുടി, ഇത്തിക്കര എന്നീ നദികളിൽ മണൽവാരൽ നിരോധനം ഏർപ്പെടുത്തിയിരുന്നു. |
| (ബി) | 2018-ലെ അതിതീവ്ര പ്രളയത്തിൽ നദികളിൽ വൻ തോതിൽ അടിഞ്ഞ മണ്ണും മണലും നീക്കാൻ കഴിയാത്ത സാഹചര്യമുണ്ടോ; എങ്കിൽ ഇത് നദികളുടെയും ജലാശയങ്ങളുടെയും ജല വാഹക ശേഷി കുറയ്ക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ അത്തരം സാഹചര്യം ഇല്ല. നദികളുടെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന വിധം പ്രളയം കാരണം നദികളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി, അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്ത് പ്രളയജലം വഹിക്കുന്നതിനുള്ള നദികളുടെ ശേഷി കൂട്ടുന്നതിനു വേണ്ട ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 24.12.2019-ലെ സ.ഉ(ആർ.റ്റി) നം.3880/2019/ആർ.ഡി നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലകളിൽ ഇറിഗേഷൻ വകുപ്പ് മുഖാന്തിരം ജലാശയങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ മണ്ണ് മാറ്റുന്ന പ്രവൃത്തി നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ നദികളിൽ നിന്നുള്ള മണൽ നീക്കം നടത്തേണ്ടത് 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ്. കൂടാതെ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വിവിധ വിധികളുടെ അടിസ്ഥാനത്തിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, MOEF & CC യുടെ Sustainable Sand Mining Management Guidelines 2016, Enforcement and |

| | | | |
|---|---|---|---|
| | | | Monitoring Guidelines for Sand Mining 2020 എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം തയ്യാറാക്കിയ District Survey Report-ന്റെ അടിസ്ഥാനത്തിൽ State Environment Impact Assessment Authority-ൽ നിന്നും പാരിസ്ഥിതിക അനുമതി ലഭ്യമായതിനു ശേഷം മാത്രമേ നദികളിൽ നിന്നുള്ള മണൽ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കു. അതിനു ശേഷം മാത്രമേ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമപ്രകാരം നിലവിലുള്ള കടവു കമ്മിറ്റികൾ മുഖാന്തിരം മണൽ ഖനനം നടത്തുകയും നിർമ്മിതി കേന്ദ്രത്തിന്റെ കലവറ മുഖേനയോ മറ്റ് സർക്കാർ നിയോഗിക്കുന്ന ഏജൻസികൾ മുഖാന്തിരമോ മണൽ വിതരണം നടത്താനും സാധിക്കു. |
| (സി) | ഏതെല്ലാം നദികളുടെ സാൻഡ് ഓഡിറ്റ് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്; റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയന്ത്രിത രീതിയിൽ മണൽ മാറ്റാൻ അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | സംസ്ഥാനത്തെ 44 നദികളിൽ 30 പ്രധാന നദികളും 5 പോഷക നദികളുമാണ് മണൽ വാരൽ മാനദണ്ഡങ്ങൾ അനുസരിച്ച് ഇതു വരെ സാന്റ് ആഡിറ്റിംഗ് നടത്തിയിട്ടുള്ളത്. 26 പ്രധാന നദികളും 3 പോഷക നദികളും ചേർത്ത് ആകെ 29 നദികളുടെ സാന്റ് ആഡിറ്റിംഗ് റിപ്പോർട്ടുകൾ സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്. പമ്പ, പെരിയാർ, മൂവാറ്റുപുഴ, ചാലിയാർ, പെരുമ്പ, ഭാരതപ്പുഴ, ഉപ്പള, ഷിറിയ & എൽക്കാന, മാഹി, വളപട്ടണം, അച്ചൻകോവിൽ, കടലുണ്ടി, ശ്രീകണ്ഠാപുരം, ചന്ദ്രഗിരി (പാർട്ട്-2), മൊഗ്രാൽ, മണിമല, കുറ്റ്യാടി, ചന്ദ്രഗിരി, കല്ലട, നെയ്യാർ, കബനി, വാമനപുരം, കരുവന്നൂർ, അഞ്ചരക്കണ്ടി , മീനച്ചിൽ, കരമന, ഗായത്രിപ്പുഴ, ചാലക്കുടി, ഇത്തിക്കര എന്നീ 29 നദികളുടെ സാന്റ് ആഡിറ്റിംഗ് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. സംസ്ഥാനത്തെ നദികളിൽ നിന്നുള്ള മണൽ നീക്കം നടത്തേണ്ടത് 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ്. കൂടാതെ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വിവിധ വിധികളുടെ അടിസ്ഥാനത്തിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, MOEF & CC യുടെ Sustainable Sand Mining Management Guidelines 2016, Enforcement and Monitoring Guidelines for Sand Mining 2020 എന്നിവ പ്രകാരവും തയ്യാറാക്കിയ District Survey Report-ന്റെ അടിസ്ഥാനത്തിൽ State Environment Impact Assessment Authority-ൽ നിന്നും പാരിസ്ഥിതിക അനുമതി ലഭ്യമായതിനു ശേഷം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ വിദഗ്ദ്ധ സമിതി നിയമാനുസൃതമായുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് |

| | | | |
|---|---|---|---|
| | | | കടവു കമ്മിറ്റികൾ മുഖാന്തിരം മണൽ മാറ്റുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ഡി) | നദതീര സംരക്ഷണത്തിനായി റവന്യൂ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ? | (ഡി) | നദീതീരങ്ങളെ സംരക്ഷിക്കുന്നതിന് ആവശ്യമുള്ള പ്രദേശങ്ങളിൽ സംരക്ഷണ ഭിത്തികളുടെ നിർമ്മാണം, ജിയോ ഫെൻസിംഗ്, ജിയോ ടെക്സ്റ്റൈലിംഗ്, നദീ തീരങ്ങളിൽ റിപ്പേറിയൻ പ്രദേശങ്ങളുടെ പുന:രുജ്ജീവന പ്രവർത്തനങ്ങൾ, സ്കൂൾ, കോളേജിലെ എൻ.എസ്.എസ് യൂണിറ്റുകളെ ഉപയോഗിച്ചു കൊണ്ടുള്ള നദീതീര സംരക്ഷണ ബോധവത്ക്കരണ പരിപാടികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളാണ് പ്രധാനമായും നടന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ

File No.REV-P3/172/2019-REV

# GOVERNMENT OF KERALA

**Abstract**

Revenue Department – Desilting and removal of debris in Flood affected rivers – Sanction Accorded cancelling G.O(Rt)No. 3852/2019/RD dated 21.12.2019 - Orders issued.

## REVENUE (P) DEPARTMENT

**G.O.(Rt)No.3880/2019/RD** Dated,Thiruvananthapuram, 24/12/2019

Read 1 G.O (Rt) No.2882/2019/RD dated 16.10.2019.

2 Minutes of the Meeting held on 7.11.2019, under the presidentship of Chief Secretary.

3 Letter No. ILDM/492/2017/E1 dated 14.11.19 from the Director, ILDM.

4 GO(Rt)No. 3852/2019/RD dated 21.12.2019.

## ORDER

As per GO read as 1st Paper above, a Committee has been constituted with Chief Secretary as Chairperson, Additional Chief Secretary (Water Resources), Additional Chief Secretary (Local Self Government Department), Additional Chief Secretary (Forest and Wildlife), Principal Secretary (Revenue), Principal Secretary (Environment) and Director (Mining and Geology) as members in order to look into matters relating to dredging in rivers.

A Meeting of the above Committee was held on 7.11.19 and it was decided to entrust respective District Collectors to conduct desilting and removal of debris in flood affected rivers in the context of the massive floods happened in 2018 and 2019.

As per section 24, 34 of the Disaster Management Act 2005, State Disaster Management Executive Committee, District Disaster Management Authority can take necessary steps to 'remove debris, conduct search and carry out operations'. With regard to the authority of Section 33 of Disaster Management Act, 2005, the Hon'ble High Court of Uttarakhand in WP(C) No.93/2015 has ordered that "if the dredging is undertaken for the purpose of maintaining water bodies no clearance of Ministry of Environment and Forest is required." As per Section 72 of the Disaster Management Act, this Act overrides the other Acts.

Government have examined the matter in detail and are pleased to accord Sanction to all District Collectors for removing silt and debris in flood affected rivers, as an immediate measure to accommodate flood waters and to increase the capacity of river channels.

District Collectors should ensure the stability of river banks and protection of river bed while removing the silt and debris. District Collectors have liberty to dispose off the silt and debris in the appropriate manner. District Collectors can seek necessary help from local technical personnels of Water Resources and Geology Departments, to identify areas for urgent intervention.

As such G.O (Rt) No. 3852/2019/RD dated 21.12.2019 read as 4th Paper above, stands cancelled.

(By order of the Governor)

**BENCY J**

**ADDITIONAL SECRETARY**

The Land Revenue Commissioner, Thiruvananthapuram.

District Collector's-

Malappuram/Kannur/Pathanamthitta/Kasargod/Ernakulam/Idukki.

The Principal Accountant General (Audit), Kerala, Thiruvananthapuram.

File No.REV-P3/172/2019-REV

The Accountant General (A & E), Kerala, Thiruvananthapuram

I & PRD (Web and New Media)

SF / O.C.

Forwarded /By order

Section Officer

Copy to : Additional Chief Secretary (Water Resources).

Additional Chief Secretary (Local Self Governement Department.

Additional Chief Secretary (Forest and Wildlife).

The Principal Secretary (Environment).

The Director, Mining & Geology.

The Director, Institute of Land and Disaster Management, PTP Nagar, PTP Nagar PO, Thiruvananthapuram – 38.

PS to Hon'ble Chief Minister.

PS to Hon'ble Minister(Revenue).

PS to Chief Secretary.

PA to Principal Secretary (Rev).

CA to Additional Secretary (Rev).